DESPATCHED
On 12/12/22



(59

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

## E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1523(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 9847/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഡിസംബർ 8**

ശ്രീ. ബിനു പി.,
കുറ്റിയിൽ,
ചേരാവള്ളി, കായംകുളം പി.ഒ.,
പിൻ – 690 502. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കായംകുളം നഗരസഭ,
കായംകുളം.

2) അപ്പീൽ അധികാരി,
കായംകുളം നഗരസഭ,
കായംകുളം. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/03/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/04/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/05/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 27/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/08/2022 |
| ഹിയറിംഗ് നടന്ന തീയതി | 07/12/2022 – കമ്മീഷൻ ആഫീസ് |
| ഹിയറിംഗ് സാന്നിദ്ധ്യം : എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. ബിനു പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യഥാസമയം മറുപടി നൽകാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയതുപ്രകാരം അപ്പീൽ അധികാരിയായ സെക്രട്ടറി ടിയാനെ നേരിൽ കേട്ടിട്ടുള്ളതും വിവരം സൗജന്യമായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടും നാളിതുവരെ ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 2-ാം

ചോദ്യത്തിനുള്ള രേഖകൾ ലഭ്യമാക്കാത്തതിനാൽ സൗജന്യമായി നൽകുന്നതിന് എസ്.പി.ഐ.ഒ.ക്ക് ഉത്തരവ് നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 09.03.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. കായംകുളം മുനിസിപ്പൽ കാര്യാലയത്തിൽ 15.2.2022-ന് നൽകിയ 3178.10 നമ്പർ ഇൻവേഡ്സ് പ്രകാരമുള്ള പരാതിക്ക് ലഭിച്ച കൈപ്പറ്റ് രസീതിൽ date of delivery കാണിച്ചിട്ടില്ലെന്നും പരാതിയിന്മേൽ പരിഹാര നടപടികൾ അനിശ്ചിതമായി നീട്ടികൊണ്ടു പോകുന്നതിനാണോ ഇപ്രകാരം ചെയ്തിട്ടുള്ളതെന്നും .

ii. 3118.2002 നമ്പർ ഇൻവേർഡ്സിൽ ലഭിച്ച പരാതിയിൽ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയുന്നതിന് ടി ഫയലിലെ നടപ്പ്, കുറിപ്പ് ഫയലുകൾ ഉൾപ്പെടെയുള്ള മുഴുവൻ പേജുകളുടെയും പകർപ്പുകൾ ലഭ്യമാക്കണമെന്നും

iii. ടി പരാതിയിൽ പറഞ്ഞിട്ടുള്ള ആരൂഢത്തിൽ ജംഗ്ഷൻ-ത്രാച്ചേരിൽ ജംഗ്ഷൻ വരെ ഓട, മഴക്കുഴി, മണ്ണൂർ ഓട ശുചീകരണം, ആരൂഢത്തിൽ ജംഗ്ഷൻ-ത്രാച്ചേരിയിൽ ജംഗ്ഷൻ ഓട ശുചീകരണം (4.5.2020 മുതൽ 26.10.2021 വരെ) എന്നീ തൊഴിലുറപ്പ് പ്രവർത്തികളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക സ്ഥാനം, ഔദ്യോഗിക വിലാസം എന്നിവ ലഭ്യമാക്കണമെന്നും

iv. ടി നാലു പ്രവർത്തികളിൽ ഓരോ പ്രവർത്തിയിലും തൊഴിലാളികൾക്കു നൽകിയ തുക എത്രയെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 07.04.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 22.4.2022 തീയതി രണ്ടാം എതിർകക്ഷിയായ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീലിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷയ്ക്ക് 30 ദിവസത്തിന് ശേഷവും വിവരം ലഭ്യമാകാത്ത സാഹചര്യത്തിൽ എസ്.പി.ഐ.ഒ. മുമ്പാകെ നേരിൽ ഹാജരായി വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ വിവരം നൽകിയിട്ടില്ലെന്നും ആയതിനാൽ എസ്.പി.ഐ.ഒ.യ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 12.5.2022 തീയതി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, കായംകുളം നഗരസഭയിൽ സമർപ്പിച്ച

വിവരാവകാശ അപേക്ഷയിന്മേൽ 7.4.2022 പ്രകാരം വിവരാവകാശ ഓഫീസർ യഥാസമയം മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്ന് സമർപ്പിച്ച അപ്പീൽ പ്രകാരം ഹർജിക്കാരനെ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത അപ്പീൽ അപേക്ഷയുടെയും രേഖപ്പെടുത്തിയ മൊഴിയുടേയും അടിസ്ഥാനത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട പി.എച്ച്1-3118/21 നമ്പർ ഫയലിന്റെ പകർപ്പുകൾ നൽകുന്നതിന് വിവരാവകാശ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 16.08.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കായംകുളം നഗരസഭയിൽ 24-ാം വാർഡായ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയെന്നു പറയപ്പെടുന്ന പണാപഹരണം സംബന്ധിച്ച പരാതിയിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ചും ഫയൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വിവരാവകാശ നിയമം 2005-ന് വിധേയമായി ശ്രീ. ബിനു പി., വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒട്ടും കാലതാമസം കൂടാതെ തന്നെ നിയമത്തിന്റെ എല്ലാ ബഹുമാന്യതയും ഉൾക്കൊണ്ട് 7.4.2022-ന് മറുപടി നൽകുകയും ആയത് ലഭ്യമാക്കിയില്ലായെന്ന് ടിയാൻ അറിയിച്ചതിൻ പ്രകാരം 25.4.2022-ൽ വീണ്ടും അയച്ചു നൽകിയിട്ടുള്ളതുമാണെന്നും എന്നാൽ അപേക്ഷയിൽ 2-ാമതായി പരാമർശിച്ചിട്ടുള്ള ഫയൽപകർപ്പ് ലഭ്യമാക്കുന്നതിന് മതിയായ ഫീസ് ഒടുക്കുവാൻ നൽകിയ നിർദ്ദേശം പാലിക്കാതെ മറുപടി തൃപ്തികരമല്ലായെന്നും വ്യക്തമാക്കി 22.4.2022-ന് അപ്പീൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരിയായ സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയും ഫയൽ നടപടി കുറിപ്പ് പകർപ്പുകൾ നൽകുന്നതിന് 12.5.2022-ന് ഉത്തരവായിട്ടുള്ളതാണെന്നും ടി നിർദ്ദേശ പ്രകാരം ഫയൽ പകർപ്പുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളതും നാളിതുവരെ രേഖകൾ കൈപ്പറ്റുവാൻ ടിയാൻ തയ്യാറായിട്ടില്ലാത്തതുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഒന്നാം എതിർകക്ഷിയും ഹെൽത്ത് സൂപ്പർവൈസറുമായ ശ്രീ.ശ്രീകുമാർ, മുഖ്യ വിവരാവകാശ കമ്മീഷണർ മുമ്പാകെ നേരിട്ടു ഹാജരാകുകയുണ്ടായി. ടിയാൻ 22.09.2022-നാണ് നിലവിലുള്ള ഓഫീസിൽ ചുമതലയേറ്റത്. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ആയിരുന്ന സർവ്വീസിൽ നിന്നും വിരമിച്ച ദിലീപ് കുമാർ ഹർജിക്കാരന് വ്യക്തമായ മറുപടി നൽകിയില്ല എന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. ടിയാന്റെ നടപടി വിവരാവകാശ

നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷാർഹമായതിനാൽ ടിയാനെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പർ. മേൽവിലാസം ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ നിലവിലെ എസ്.പി.ഐ.ഒ. കമ്മീഷനു നൽകേണ്ടതാണ്. നിലവിലുള്ള എസ്.പി.ഐ.ഒ.യെ നേരിൽ കേട്ട വേളയിൽ ടിയാൻ മുൻ എസ്.പി.ഐ.ഒ. അയച്ചു കൊടുത്ത വ്യക്തതയില്ലാത്ത മറുപടി തന്നെ ഹർജിക്കാരന് വീണ്ടും അയച്ചു കൊടുത്തത്. ടിയാന് വിവരാവകാശ നിയമങ്ങളെക്കുറിച്ച് യാതൊരുവിധ അറിവും ഇല്ലെന്നു കമ്മീഷൻ മനസ്സിലാക്കുന്നു. ഹർജിക്കാരന് ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ ഇനിയും വ്യക്തമായ മറുപടി ലഭ്യമായിട്ടില്ലായെന്ന് കമ്മീഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള ചോദ്യങ്ങൾക്ക് ഓരോന്നിനും വ്യക്തമായ മറുപടി 20.12.2022-നകം നിലവിലെ എസ്.പി.ഐ.ഒ. പരാതിക്കാരന് നൽകേണ്ടതും, ആയതിന്റെ പകർപ്പ് കമ്മീഷന് അയച്ചു നൽകേണ്ടതുമാണ്. അതോടൊപ്പം വിവരാവകാശ നിയമം 20(1) പ്രകാരമുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ അപ്രകാരമുള്ള വിശദീകരണം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ നിലവിലെ എസ്.പി.ഐ.ഒ. സമർപ്പിക്കേണ്ടതാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഡിസംബർ മാസം 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION

24/3/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.1523 (1)/2022/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 9847/SIC-G4/2022)**
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2023 മാർച്ച് 21**

ശ്രീ. ബിനു പി.
കുറ്റിയിൽ, ചേരാവള്ളി,
കായംകുളം പി.ഒ.,
ആലപ്പുഴ - 690 502. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കായംകുളം നഗരസഭ,
   കായംകുളം പി.ഒ., ആലപ്പുഴ - 690 502.
2. അപ്പീൽ അധികാരി,
   കായംകുളം നഗരസഭ,
   കായംകുളം പി.ഒ., ആലപ്പുഴ - 690 502.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീ. ദിലീപ്കുമാർ ടി.കെ. കമ്മീഷന് മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചിട്ടുള്ളത്, ശ്രീ. ബിനു പി. നഗരസഭയിൽ തൊഴിലുറപ്പ് പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ടു നടന്നുവെന്നു പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് 15.2.2022-ൽ 3118/22-ാം നമ്പരായി സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ചനടപടികൾസംബന്ധിച്ചും ഫയൽ വിവരങ്ങൾ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെ വിവരങ്ങൾ, ചിലവഴിച്ച തുക വിവരങ്ങൾ ലഭ്യമാകുന്നതിനും വിവരാവകാശ നിയമ പ്രകാരം 9.8.2022-ൽ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് മേൽനോട്ട ചുമതലയുള്ള ജീവനക്കാരന്റെ റിപ്പോർട്ട് ലഭ്യമാക്കി ഉടൻ തന്നെ നിയമത്തിന്റെ എല്ലാ ബഹുമാന്യതയോടും കൂടി ബന്ധപ്പെട്ട

RIGHT TO INFORMATION

സെക്ഷനിൽ നിന്നും മറുപടി നൽകുകയുണ്ടായി എന്നുമാണ്. എന്നാൽ വിവരങ്ങൾ ലഭ്യമായില്ലെന്ന് അറിയിച്ചതോടൊപ്പം 22.4.2022-ന് അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിച്ചു എന്നും അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം മറുപടി പകർപ്പ് അപേക്ഷകനു വീണ്ടും നൽകുകയും തുടർ നടപടിയുടെ ഭാഗമായി ടിയാനെ 27.4.2022-ൽ നേരിൽ കേൾക്കുന്നതിന് അപ്പീൽ അധികാരി അറിയിപ്പ് നൽകിയെങ്കിലും ടിയാൻ ഹാജരാകാത്തതിനാൽ വീണ്ടും 12.5.2022-ൽ ഹർജിക്കാരനെ നേരിൽ കേൾക്കുകയും ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നും എന്നാൽ 31.5.2022-ന് ശ്രീ. ദിലീപ്കുമാർ വിരമിക്കുംവരെ ഹർജിക്കാരൻ അവശ്യപ്പെട്ട പകർപ്പ് നൽകുംവിധം നടപടി സ്വീകരിക്കുകയോ അപ്പീൽ തീർപ്പാക്കി നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ലാ ത്തതിനാൽ എസ്.പി.ഐ.ഒ എന്ന നിലവിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയാതെ വന്നിട്ടുള്ളതാണെന്നും ആയതിനാൽ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്.

മേൽ ലഭ്യമായ വിശദീകരണത്തിലെ വസ്തുതകളും ബന്ധപ്പെട്ട രേഖകളും പരിശോധിക്കുമ്പോൾ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ നൽകി എന്ന് നില വിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ബോധിപ്പിച്ചിട്ടുള്ള സാഹചര്യ ത്തിൽ പരാമർശിത കാലയളവിലെ സർവ്വീസിൽ നിന്നും വിരമിച്ച സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. ദിലീപ് കുമാർ ടി.കെ. സമർപ്പിച്ച വിശദീകരണം അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2023 മാർച്ച് 21 -ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION